# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്ന് രണ്ട് അംഗങ്ങളുടെ തിരഞ്ഞെടുപ്പ്
[1971–ലെ കേരള കാർഷിക സർവ്വകലാശാല നിയമത്തിലെ വകുപ്പ് –10–ൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിലെ (6) ഇനം അനുസരിച്ച് ]

## വിജ്ഞാപനം

കെ.എ.യു.ജി.എ/736/2023– ജിഎ–ജി1 തീയ്യതി :09.08.2023

കേരള കാർഷിക സർവ്വകലാശാലയുടെ XIX–ാമത് ജനറൽ കൗൺസിലിലേക്ക് സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി 23.02.2023 തിയ്യതിയിൽ സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളായിട്ടുള്ള സമ്മതിദായകരുടെ കരട് പട്ടിക 27.03.2023 ന് പ്രസിദ്ധീകരിച്ചു. തെറ്റുകൾ തിരുത്തി അന്തിമ വോട്ടർ പട്ടിക 27.04.2023 തിയ്യതിയിലെ ജിഎ/ജി1/799/2023 നമ്പർ വിജ്ഞാപന പ്രകാരം പ്രസിദ്ധികരിച്ചിരുന്നു. തുടർന്ന് 27.04.2023 തിയ്യതിയിലെ ജിഎ/ജി1/799/2023 നമ്പർ തിരഞ്ഞെടുപ്പ് വിജ്ഞാപനമനുസരിച്ച് സ്ഥിരം തൊഴിലാളികളുടെ മണ്ഡലത്തിൽ നിന്നും സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പട്ടിക 15.05.2023– ന് പ്രസിദ്ധീകരിച്ചു.

ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.15280/2023 കേസിലെ 12.05.2023 തിയ്യതിയിലെ ഇടക്കാല ഉത്തരവിലെ നിർദ്ദേശ പ്രകാരം സ്ഥിരം തൊഴിലാളികളുടെ മണ്ഡലത്തിൽ നിന്നും രണ്ട് അംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ നടപടികളും 16.05.2023 തിയ്യതിയിലെ ജിഎ/ജി1/799/2023 നമ്പർ വിജ്ഞാപന പ്രകാരം സർവ്വകലാശാല താത്കാലികമായി നിറുത്തി വച്ചിരുന്നു. പ്രസ്തുത കേസിൽ ബഹു: കേരള ഹൈക്കോടതിയുടെ 10.07.2023 തിയ്യതിയിലെ വിധിന്യായത്തിൽ സ്ഥിരം തൊഴിലാളികളുടെ മണ്ഡലത്തിൽ നിന്നും രണ്ട് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടപടികൾ സർവ്വകലാശാല നിറുത്തിവെച്ചിടത്തു നിന്ന് തുടരാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കാർഷിക സർവ്വകലാശാല നിയമത്തിലെ വകുപ്പ് –10–ൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൽ ഇനം 6 , കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ അധികാര സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ. നമ്പർ 678/74–ലെ വ്യവസ്ഥകളും അടിസ്ഥാനമാക്കി കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ചുവടെ പേര് ചേർത്തിട്ടുള്ള വരണാധികാരിയായ ഞാൻ വിജ്ഞാപനം ചെയ്യുന്നതെന്തെന്നാൽ:

1. കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേക്ക് സർവ്വകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നും രണ്ട് അംഗങ്ങളെ ആനുപാതിക പ്രാതിനിധ്യ തത്വമനുസ്സരിച്ച് കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ വോട്ട് മുഖേന തിരഞ്ഞെടുക്കുന്നതിനായി സ്ഥിരം തൊഴിലാളികളുടെ നിയോജകഗണത്തിൽ നിന്ന് താഴെപ്പറയുന്ന പരിപാടി അനുസരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തുന്നതാണ്.

| | | |
|---|---|---|
| 1 | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തിയ്യതിയും സമയവും | 19.08 .2023, (ശനി )<br>വൈകുന്നേരം 4.00 മണി |
| 2 | മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയ്യതി | 19.08 .2023, (ശനി ) |

| | | |
|---|---|---|
| 3 | വോട്ടെടുപ്പ് തിയ്യതിയും സമയവും | 14.09.2023, (വ്യാഴം )<br>( രാവിലെ **9.00** മണി മുതൽ ഉച്ചതിരിഞ്ഞ് **1.00** മണി വരെ ) |
| 4 | വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകളുടെ സൂക്ഷ്മ പരിശോധനയും വോട്ടെണ്ണലും നടത്തുന്ന തീയതിയും സ്ഥലവും | 16.09.2023, (ശനി )<br>രാവിലെ 10.00 മണി .<br>കോൺഫറൻസ് ഹാൾ,<br>സർവ്വകലാശാല ആസ്ഥാന മന്ദിരം. |

2. 27.04.2023 ന് പ്രസിദ്ധീകരിച്ച സ്ഥിരം തൊഴിലാളികളുടെ അന്തിമ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ അർഹതയുള്ളൂ. തിരഞ്ഞെടുപ്പ് തിയ്യതിക്ക മുമ്പ് ഏതെങ്കിലും കാരണവശാൽ നിയോജകഗണത്തിലെ അംഗത്വം നഷ്ടപ്പെടുന്നവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിന് അർഹത ഇല്ലാതാകുന്നതാണ്.
3. തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്ന പക്ഷം സർവ്വകലാശാല ഓഫീസുകൾ, കോളേജുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വച്ച് വോട്ടെടുപ്പ് നടത്തുന്നതാണ്. പോളിംഗ് സ്റ്റേഷനുകളുടെ പേര്, പോളിംഗ് പ്രദേശം, വോട്ടർമാർക്ക് അനുവദിച്ചിട്ടുള്ള പോളിംഗ് സ്റ്റേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.
4. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള ഫോറം വരണാധികാരിയായ രജിസ്ട്രാറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. സ്ഥാനാർത്ഥിത്വം പിൻവലിക്കണമെങ്കിൽ സ്ഥാനാർഥി ഒപ്പിട്ട രേഖാമൂലമുള്ള നോട്ടീസ് സ്ഥാനാർഥി നേരിട്ടോ / രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ/സ്ഥാനാർഥി ചുമതലപ്പെടുത്തിയ വ്യക്തി അങ്ങനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കത്ത് അടക്കം നേരിട്ടോ റിട്ടേണിംഗ് ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ്.

**ഡോ. എ. സക്കീർഹുസൈൻ**
**വരണാധികാരി & രജിസ്ട്രാർ,**
**കേരള കാർഷിക സർവ്വകലാശാല**

**സ്വീകർത്താവ്**

1. സർവകലാശാലയ്ക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടേയും മേലധികാരികൾക്ക് (സ്ഥാപനത്തിലെ സ്ഥിരം തൊഴിലാളികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്)
2. ഡയറക്ടർ , ഡി.ഐ.എസ് (സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
3. By email to: announce@kau.in

**പകർപ്പ്** : വി.സിയുടെ സെക്രട്ടറി / വി.സിയുടെ പി.എ / രജിസ്ട്രാറുടെ പി.എ / ജോയിന്റ് രജിസ്ട്രാർ (ഭരണം), ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം–I) / അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം II) / അസിസ്റ്റന്റ് രജിസ്ട്രാർ (ജി.സി/ഇ.സി/ലീഗൽ&ആർ.ടി.ഐ) /ലേബർ ഓഫീസർ/ സെക്ഷൻ ഓഫീസർ (ജി.എ–എൽ) / സെക്ഷൻ ഓഫീസർ (ജി.എ–ജി) /കരുതൽ ശേഖരം / മിച്ചം.